"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 25-02-2020-ലെ തീരുമാനങ്ങൾ - ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്ത് അവിഷ്കരിച്ച 'കുട്ടികൾക്ക് ചാലകശേഷി നിർണ്ണയ പദ്ധതിയും ഗെയിംസ് പരിശീലനവും' എന്ന പദ്ധതി ക്രൈസ്റ്റ് കോളേജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പ് മുഖേന കൺസൾട്ടൻസി ഫീസ്/റെമ്യൂണറേഷന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

G.O.(Rt) No.1054/2020/LSGD തീയതി,തിരുവനന്തപുരം, 04/06/2020

---

പരാമർശം:- 1 തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.01.2020-ലെ കത്ത്

2 25.02.2020-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.88-ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതും 2019-20-ൽ സ്പിൽ ഓവർ പ്രോജക്റ്റായി തുടരുന്നതുമായ 'കുട്ടികൾക്ക് ചാലകശേഷി നിർണ്ണയ പദ്ധതിയും ഗെയിംസ് പരിശീലനവും' എന്ന പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിലെ കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നതിന് ലക്ഷ്യമിടുന്നു. സ്പോർട്സ് കൗൺസിലിൽ പരിശീലകരുടെ അഭാവമുള്ളതിനാൽ സ്പോർട്സ് കൗൺസിൽ നിർദ്ദേശ പ്രകാരം ബ്ലോക്ക് പഞ്ചായത്ത്, ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജ് ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗവുമായി ബന്ധപ്പെടുകയും നിശ്ചിത കൺസൾട്ടൻസി ഫീസ്/റെമ്യൂണറേഷന്റെ അടിസ്ഥാനത്തിൽ പരിശീലനം നൽകാൻ കോളേജ് അധികൃതർ തയ്യാറാവുകയും ചെയ്തിട്ടുണ്ട്. ടി സാഹചര്യത്തിൽ എയ്ഡഡ് കോളേജായ ക്രൈസ്റ്റ് കോളേജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പ് മുഖേന മേൽ പറഞ്ഞ പ്രോജക്റ്റ് നടപ്പാക്കുവാൻ അനുമതി നൽകണമെന്ന ബ്ലോക്ക് പഞ്ചായത്തിന്റെ അപേക്ഷ പരാമർശം (1) പ്രകാരം തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസർ സമർപ്പിക്കുകയുണ്ടായി. ഈ വിഷയം പരിഗണിച്ച 25.02.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി യോഗം ക്രൈസ്റ്റ് കോളേജ് കായിക വകുപ്പിന്റെ സഹായത്തോടെ പദ്ധതി നടപ്പാക്കാൻ, കോളേജിലെ പരിശീലകർ ഓണറേറിയം സ്വീകരിക്കാൻ ഉന്നത വിദ്യാഭാസ വകുപ്പിന്റെ അനുമതി വാങ്ങണമെന്ന ഉപാധിയോടെ, പരാമർശം (2) പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച 'കുട്ടികൾക്ക് ചാലകശേഷി നിർണ്ണയ പദ്ധതിയും ഗെയിംസ് പരിശീലനവും' എന്ന പദ്ധതിയ്ക്ക് ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു. എന്നാൽ കോളേജിലെ പരിശീലകർ പ്രതിഫലം (ഓണറേറിയം) സ്വീകരിക്കാൻ

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അനുമതി വാങ്ങേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
HARILAL.T.N.
UNDER SECRETARY

പകർപ്പ്: പ്രസിഡണ്ട്/സെക്രട്ടറി, ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ

ജില്ലാ പ്ലാനിംഗ് ഓഫീസർ, തൃശ്ശൂർ

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

വെബ്&ന്യൂ മീഡിയ (ഐ&പിആർഡി)

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by NISAM N
Date: 2020.06.04 16:27:19
IST
Reason: Approved
സെക്ഷൻ ഓഫീസർ